പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7543 | 14.07.2014 ൽ മറുപടിയ്ക്ക് |
|---|---|
| ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പ് | |
| ചോദ്യം | ഉത്തരം |
| ശ്രീ. സി.പി. മുഹമ്മദ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (എ) ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായ ഡോ.പി.റ്റി.മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാർ നിയമിച്ച ഓഫീസറാണോ ഇപ്പോഴും തുടരുന്നത് ; ഈ നിയമനം കോൺട്രാക്ട് വ്യവസ്ഥയിലുള്ളതാണോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് ഡോ.പി.റ്റി.മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. |
| (സി) ഈ ഓഫീസർ ഒരുമാസം വാങ്ങുന്ന ശമ്പളത്തിന്റെ വിവരം നൽകുമോ ; | (സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള ഈ ഓഫീസറുടെ ഒരു മാസത്തെ ശമ്പളം 78,445/- രൂപയാണ്. |
| (ഡി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; | (ഡി) പ്രസ്തുത പദ്ധതിയ്ക്ക് 2011-12 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപയും, 2012-13 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി 9 കോടി രൂപ സാമൂഹ്യനീതി ഡയറക്ടറുടെ റ്റിഎസ്ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടി രൂപയിൽ 1,27,79,590/- രൂപ ജെന്റർ ഫെസ്റ്റിനുവേണ്ടി സി-ഡിറ്റിന് കൈമാറിയിരുന്നു. ജെൻഡർ പാർക്കിന്റെ പ്രാരംഭ ചെലവുകൾ കഴിച്ച് 1,52,12,447/- രൂപ ബാക്കിയുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ജെൻഡർ പാർക്കിനു വേണ്ടി മാത്രം അനുവദിച്ച 6 കോടി രൂപയിൽ 5,46,75,895/- രൂപ ബാക്കിയുണ്ട്. ഈ സാമ്പത്തിക വർഷം 6.6 കോടി രൂപ ജെൻഡർ പാർക്കിനായി വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതു വരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (ഇ) കോഴിക്കോട് നിർമ്മിക്കാനുദ്ദേശിക്കുന്ന ജെൻഡർ പാർക്കിന് രൂപകല്പന തയ്യാറാക്കുന്നതിനായി താൽപര്യപ്പത്രം ക്ഷണിക്കുകയും കൺസൽട്ടൻസിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അവർ തയ്യാറാക്കിയ രൂപകല്പന പ്രകാരം നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനായുള്ള ടെൻഡർ നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി വനിതകൾ ഓടിക്കുന്ന ഷീ-ടാക്സിയുടെ പ്രവർത്തനം തിരുവനന്തപുരത്തും, എറണാകുളത്തും ആരംഭിച്ചു. ഇതിന്റെ പ്രവർത്തനം കോഴിക്കോട് ഉടൻ ആരംഭിക്കുന്നതാണ്. ജെൻഡർ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ, ജെന്റർ പാർക്ക് ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക, അനാമത്ത് ചെലവുകൾ തുടങ്ങിയവയ്ക്കു വേണ്ടി 2,01,11,658/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6,98,88,342/- രൂപ റ്റിഎസ്ബി അക്കൗണ്ടിൽ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ